എസ്.പി.സി.എ. യിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ

118(829) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എസ്.പി.സി.എ. യിലെ ജീവനക്കാർക്ക് ഇതര സർക്കാർ ജീവനക്കാരെപ്പോലെത്തന്നെ തുല്യ പരിഗണന നൽകുന്നുണ്ടോ;

(ബി) എസ്.പി.സി.എ.യിൽ 30-35 വർഷത്തോളം സേവനം അനുഷ്ടിച്ച് വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ, പേ-റിവിഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടുത്തെ ജീവനക്കാർ താല്ക്കാലിക ജീവനക്കാരെപ്പോലെയാതൊരു സർവ്വീസ് സംരക്ഷണവുമില്ലാതെ സേവനം അനുഷ്ഠിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പേറിവിഷനോ പെൻഷനോ ഇവർക്ക് നിഷേധിക്കുന്നതിന് കാരണം ഏതാനും ചിലരുടെ പിടിവാശിയും സ്ഥാപിത താല്പര്യവുമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ജീവനക്കാർക്ക് പേറിവിഷനും പെൻഷനും നടപ്പാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എസ്.പി.സി.എ. ജീവനക്കാർക്ക് ഇതര സർക്കാർ ജീവനക്കാരെപ്പോലെ തുല്യപരിഗണന നൽകുന്നില്ല. എസ്.പി.സി.എ. കൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളാണ്. അവയുടെ പ്രവർത്തനം വിലയിരുത്തി സർക്കാർ ഗ്രാന്റ് നൽകി വരികയാണ്.

(ബി) സർക്കാർ ജീവനക്കാർക്ക് കഴിഞ്ഞ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതോടനുബന്ധിച്ച് എസ്.പി.സി.എ.ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടില്ല. അതിന്റെ ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഇവർ നൽകിയ നിവേദനം സർക്കാർ പരിശോധിച്ചു വരുന്നു. എസ്.പി.സി.എ. ജീവനക്കാർ സർക്കാർ ജീവനക്കാരല്ലാത്തതിനാൽ പെൻഷന് അർഹത ലഭിക്കുന്നില്ല.

(സി) എസ്.പി.സി.എ. ജീവനക്കാർ സർക്കാർ ജീവനക്കാരല്ല. ജന്തുക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്ന എസ്.പി.സി.എ. കൾക്ക് ഗ്രാന്റ് നൽകി വരുന്നു. സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന ഗ്രേഡ് പ്രൊമോഷൻ ആനുകൂല്യത്തിന് ഇവരും അർഹരാണ്.

(ഡി) ഇല്ല.

(ഇ) എസ്.പി.സി.എ. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly